ടെ കേൾക്കുന്നു. സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ സഹായിച്ചാൽ കൊള്ളാമെന്നുണ്ട് കിഴവന്. പക്ഷേ അയാൾ നിസ്സഹായനാണ്. അതിനാൽ ഇന്നത്തെ കഴപ്പത്തിന്റ് ഉത്തരവാദികളായ എല്ലാവരെയും അയാൾ പുളിച്ച പഞ്ചാബിത്തെറികൊണ്ട് അഭിഷേകംചെയ്യുന്നു.'

അമൃത്സർ, ഗുരുദാസ്പൂർ എന്നീ ജില്ലകളിൽനിന്നു വലിയ തോതിൽ ഹിന്ദുകടുംബങ്ങൾ ഹരിയാനയിലേക്കും ദില്ലിയിലേക്കും മാറിപ്പാർക്കുന്നതായി റിപ്പോർട്ടുകളുണ്ട്. പകരം മററു സ്റ്റേററുകളിലെ സിഖുകാർ പഞ്ചാബിലേക്കും പ്രവഹിക്കുന്നുണ്ട്. ഭീതിമുഖമായ ഈ ജനപ്രവാഹം തടയാൻ പട്ടാളത്തെ ഉപയോഗപ്പെടുത്തണമെന്ന് പഞ്ചാബിലെ ആറ് കോൺഗ്രസ് എം. എൽ. എ. മാർ മെയ് 19—ാം തീയതി ഒരു പത്രപ്രസ്താവനയിൽ ആവശ്യപ്പെടുകയുണ്ടായി.

ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാനോ, അവരുടെ ആവലാതികൾ കേൾക്കാനോ, അവരുടെ കണ്ണീർ തുടയ്ക്കാനോ, സാധ്യമായ സഹായം അവർക്കു നൽകാനോ ഒരു രാഷ്ട്രീയപ്രവർത്തകനും ഇന്നു തയ്യാറല്ല എന്നതാണു പഞ്ചാബിന്റെ ട്രാജഡി. ഇന്ത്യയുടെ ട്രാജഡിയും ഇതുതന്നെ. സ്റ്റേററ്സ്മാൻ പത്രത്തിന്റെ ലേഖകൻ പറയുംപോലെ, 'അദൃശ്യങ്ങളായ കൈകൾ വെടിവയ്ക്കുന്നു; സംഭ്രാന്തി ഉളവാക്കുന്നു; പോലീസ് വേണ്ടത്രയില്ല; ഉള്ളവർക്കുതന്നെ കഴിവില്ല; രാഷ്ട്രീയനേതൃത്വത്തിന് ഇതിലൊന്നും താത്പര്യമില്ല'—ഇതെല്ലാം ചേർന്നു് പഞ്ചാബിൽ അതിദാരുണമായ ഒരവസ്ഥ സൃഷ്ടിച്ചിരിക്കുന്നു.

ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെയല്ലേ? ഫഗ്വാരയിലെ കിഴവൻ സിഖ് പൂൺ ചെയ്യുംപോലെ, നാടു കുട്ടിച്ചോറാക്കുന്ന കഴവേറികളെ അടച്ചു തെറി വിളിക്കുകയല്ലാതെ, നിങ്ങളും ഞാനും വേറെ എന്തു ചെയ്യാനാണ്?

(27 മെയ്, 1986)

# 39. പഞ്ചാബിൽ ഇനിയെന്ത്?

1986 ജൂൺ 22—ാം തീയതി എഴുതിയ ലേഖനത്തിൽ, മെയ് അവസാനത്തിൽ പഞ്ചാബിലെ അസ്വസ്ഥമായ അന്തരീക്ഷം ഞാൻ വിവരിച്ചിരുന്നു. പഞ്ചാബിലെ അമൃത്സർ, ഗുരുദാസ്പൂർ എന്നീ ജില്ലകളിൽനിന്നു വലിയ തോതിൽ ഹിന്ദുകടുംബങ്ങൾ ഹരിയാനയിലേക്കും ദില്ലിയിലേക്കും മററും മാറിപ്പാർക്കുകയായിരുന്നു അന്ന്; മററു സ്റ്റേററുകളിലെ ഏതാനും സിഖുകാർ പഞ്ചാബിലേക്കും മാറിപ്പാർത്തുകൊണ്ടിരുന്നു. ഹിന്ദുക്കൾക്കും സിഖുകാർക്കും ഇടയിലുള്ള വിടവ്, ഇനിയൊരിക്കലും നികത്താൻ സാധിക്കുമെന്ന് ആശിക്കാൻപോലും കഴിയാത്തവിധം, അന്നേക്കു വലുതായിക്കഴിഞ്ഞിരുന്നു. 'ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാനോ, അവരുടെ ആവലാതികൾ കേൾക്കാനോ, അവരുടെ കണ്ണീർ തുടയ്ക്കാനോ, സാധ്യമായ സഹായം അവർക്കു നൽകാനോ' തയ്യാറുള്ള ഒരു രാഷ്ട്രീയപ്രവർത്തകനും പഞ്ചാബിൽ ഇല്ലെന്നു് ആ ലേഖനത്തിൽ ഞാൻ എഴുതി.

ഒരു വ്യത്യസ്തതയായി അന്നു പഞ്ചാബിലുണ്ടായിരുന്നതു് പോലീസ് ഡയറക്ടർ ജനറൽ മി. റിബൈറോ മാത്രമായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന പഞ്ചാബ് പോലീസ്സേനയ്ക്കു വീര്യം തികച്ചും നഷ്ടപ്പെട്ടിരുന്നു. ആ സേനയിലെ പല അംഗങ്ങൾക്കും ഭീകരപ്രവർത്

കരോട്ട് അനുഭാവമുണ്ടായിരുന്നു. അവരിൽ ചിലരെങ്കിലും ഭീകരപ്രവർത്തകരെ രഹസ്യമായി സഹായിക്കുകയുംചെയ്തിരുന്നു. 'ഒരു ഏകാംഗപോലീസ്സേന' എന്നാണ് മി. റിബൈറോ വിവരിക്കപ്പെട്ടിട്ടുള്ളത്. ഏററവും പ്രയാസം നിറഞ്ഞ പരിതഃസ്ഥിതികളിൽ അദ്ദേഹം ഭീകരപ്രവർത്തകർക്കെതിരായ നടപടികൾ തുടർന്നുവന്നു; തന്റെ ജീവൻ ഏതു നിമിഷത്തിലും അപഹരിക്കപ്പെട്ടേക്കാമെന്ന് അറിഞ്ഞുകൊണ്ടുതന്നെ. ഈ നടപടികൾ ഫലപ്രദമാവുന്നുണ്ടെന്ന പ്രതീതി ഉളവാക്കുന്നതിൽ അദ്ദേഹം വിജയിക്കുകയുംചെയ്തു.

അതേസമയം, പഞ്ചാബിൽ ഭരണച്ചുമതല നിർവ്വഹിച്ചുവരുന്ന അകാലിപാർട്ടിയിൽനിന്നു രാജിവെച്ച മുൻമുഖ്യമന്ത്രി പ്രകാശ്സിംഹ് ബാദലും, മുൻശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മററി പ്രസിഡണ്ട് ഗുരുചരൺസിംഹ് തോറയും, അവരുടെ അനുയായികളും പഞ്ചാബിലെ അകാലി മന്ത്രിസഭയ്ക്കും മുഖ്യമന്ത്രി ബർണാലയ്ക്കും എതിരെയുള്ള 'ധർമയുദ്ധം' കൂടുതൽ ശക്തിപ്പെടുത്തിവന്നു. ബാദൽ പരസ്യമായി പ്രസ്താവിച്ചു: '(മുഖ്യമന്ത്രി) ബർണാല സമുദായവഞ്ചകനാണ്. മുഗളരേക്കാൾ മോശമായ സ്വേച്ഛാധിപതിയാണ് അയാൾ. അയാളുടെ ദുഷ്പ്രവൃത്തികൾക്കു മുമ്പിൽ മിസ്സിസ് ഗാന്ധിയുടെ ഏകാധിപത്യഭരണംപോലും മങ്ങി നിറംകെട്ടുപോകുന്നു. കേന്ദ്രത്തിന്റെ കല്പനയനുസരിച്ച് അയാൾ സിഖ്യുവജനങ്ങളെ കൊന്നൊടുക്കുകയും വിശുദ്ധ സിഖ്ഗുരുദ്വാരകളെ ആക്രമിക്കുകയുമാണ്. അയാൾക്ക് ദൈവമോ, സിഖുകാരോ മാപ്പു നൽകുകയില്ല' (ഇന്ത്യ ടുഡേ, ജൂലൈ 31). ബാദലും തോഹ്റയും അടക്കമുള്ള വിഘടിത അകാലികൾ, പോലീസുകാരുമായി ഏററുമുട്ടലിൽ മരിച്ച ഭീകരപ്രവർത്തകരുടെ 'പിണ്ഡ'(ഭോഗ്)ച്ചടങ്ങുകളിൽ പങ്കെടുക്കുകയും, അവരെ രക്തസാക്ഷികളായി വാഴ്ത്തുകയും, അവരെ സംസ്കരിച്ച സ്ഥലങ്ങളിൽ സ്മാരകങ്ങളായി ഗുരുദ്വാരകൾ പണിതുയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയുംചെയ്തുവരുന്നു.

ഇങ്ങനെയിരിക്കവേയാണ്, നീലാകാശത്തുനിന്നു വീണ ഇടിത്തീപോലെ, ജൂലൈ 25–ലെ 'മുക്തസർ' സംഭവം രാഷ്ട്രത്തെയാകെ നടുക്കിക്കളഞ്ഞത്. അന്നു രാവിലെ മുക്തസറിൽനിന്ന് ചണ്ഡീഗഢിലേക്കു പോവുകയായിരുന്ന പഞ്ചാബ് ഗവണ്മെൻറ്വക ഒരു എക്സ്പ്രസ്സ് ബസ്സിൽ കയറിപ്പററിയ നാലു ഭീകരർ, ലാബനേവാലി എന്ന ഗ്രാമത്തിൽവെച്ച് ഡ്രൈവറെ തോക്കു കാട്ടി ഭീഷണിപ്പെടുത്തി ബസ് വഴിതിരിച്ചു വിട്ടശേഷം, ബസ്സിൽ യാത്രചെയ്തിരുന്ന സിഖ്കാരെയും സ്ത്രീകളെയും താഴെ ഇറക്കി, ഹിന്ദുയാത്രക്കാരോടെല്ലാം സീററുകളിൽ കമിഴ്ന്നുകിടക്കാൻ ആജ്ഞാപിക്കുകയും, അവരിൽ പതിന്നാലു പേരെ യന്ത്രത്തോക്കുപയോഗിച്ചു വെടിവെച്ചു കൊലപ്പെടുത്തുകയും ചെയ്തു. ഈ 'വീരകൃത്യം' നിർവഹിച്ചശേഷം നാലു ഭീകരരും ഒരു ട്രാക്ടറിലോ മറേറാ കയറി രക്ഷപ്പെട്ടു. മത്സ്യം നീന്തിയ വെള്ളത്തിൽ എന്തെങ്കിലും അടയാളം അവശേഷിച്ചേക്കാം; മുക്തസറിലെ സിഖ്സമൂഹത്തിൽ അലിഞ്ഞുചേർന്ന ഈ ഭീകരർ ഒരടയാളവും പിന്നിൽ വിട്ടുപോവുകയുണ്ടായില്ല. പോലീസിന് ഇവരെപ്പററി ഒരു വിവരവും ഇന്നോളം ലഭിച്ചിട്ടുമില്ല!

ഈ ദാരുണസംഭവത്തിന്, സ്വാഭാവികമായി, രാജ്യത്തിലെ പല സ്ഥലങ്ങളിലും, പ്രതികരണങ്ങളുണ്ടായി. പഞ്ചാബിൽനിന്ന് അഭയാർത്ഥികളായി ഓടിവന്ന ഹിന്ദുക്കൾ തിങ്ങിത്താമസിക്കുന്ന പടിഞ്ഞാറൻ ദില്ലിയിലെ തിലക്നഗർ പ്രദേശത്ത് ജൂലൈ 26–ാം തീയതി ആറു പേർ കൊല്ലപ്പെടുകയും, ഏതാനും കടകൾ കത്തിനശിക്കുകയും കുറെ വാഹനങ്ങൾ തകർക്കപ്പെടുകയുംചെയ്തു. ദില്ലി ഗവണ്മെൻറ് കർശന

നടപടികരം കൈക്കൊണ്ടതിനാൽ അക്രമങ്ങരം അത്രയുംകൊണ്ട് അവ സാനിച്ചു.

തിലക്നഗറിൽ നാശനഷ്ടങ്ങരം സഹിക്കേണ്ടിവന്നവരെ ആശ്വസിപ്പിക്കുവാനും, അവർക്കു ധനസഹായം നൽകുവാനുമായി ആഗസ്റ്റ് 8—ാം തീയതി അങ്ങോട്ടു പുറപ്പെട്ട വിഘടിത അകാലികളായ ബാദലിന്റെയും തോഹ്റയുടെയും ലക്ഷ്യമെന്തായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളു. അവരെ ദില്ലി ഗവണ്മെൻറ് ദില്ലിയിൽനിന്നു പുറത്താക്കി. നിരോധനാജ്ഞ ലംഘിച്ച് അവർ വീണ്ടും ദില്ലിയിൽ പ്രവേശിച്ചപ്പോരം, ആഗസ്റ്റ് 9—ാം തീയതി അവരെ അറസ്റ്റ്ചെയ്തു തടങ്ങലിൽ വയ്ക്കുകയുംചെയ്തു. ഇതെഴുതുമ്പോഴും അവർ പോലീസ് കസ്റ്റഡിയിലാണ്.

ഇന്ദിരാഗാന്ധിയുടെയും ലോംഗോവാളിന്റെയും വധത്തിനുശേഷം പഞ്ചാബ് ദുരന്തനാടകത്തിലെ ഏററവുമധികം നടുക്കം കൊള്ളിച്ച രംഗം അരങ്ങേറിയതു് ആഗസ്റ്റ് 10—ാം തീയതി പൂണെ കൻറോൺമെൻറിലാണ്. പത്നിയായ ഭാനുമതിയുമൊന്നിച്ച് രാവിലെ കടയിൽച്ചെന്നു പച്ചക്കറി വാങ്ങിയശേഷം തന്റെ മാരുതിക്കാർ ഓടിച്ചു വീട്ടിലേക്കു മടങ്ങുകയായിരുന്ന ജനറൽ എ. എസ്. വൈദ്യ എന്ന ഇന്ത്യയുടെ മുൻ സേനാധിപനെ രണ്ടു സ്കൂട്ടറുകളിൽ വന്നെത്തിയ നാലു ഭീകരർ ചേർന്ന് ഒരു നാല്ക്കവലയിൽവെച്ചു വെടിവെച്ചു കൊന്നു. നാലുപേരും പതിവുപോലെ, രക്ഷപ്പെടുകയുംചെയ്തു. ജനറൽ വൈദ്യയുടെ കാറിൽ പിൻസീററിൽ ഇരുന്നിരുന്ന സെക്യൂരിററിഗാർഡിനു തിരിച്ച് ഒരു വെടിവയ്ക്കാനുള്ള മനസ്സാന്നിധ്യംപോലും ഉണ്ടായില്ല.

സ്വതന്ത്രഭാരതത്തിലെ സേനാധിപന്മാരിൽ പല കാരണങ്ങരം കൊണ്ടും അതിപ്രശസ്തനായ ജനറൽ വൈദ്യ 'മഹാവീരചക്രം' എന്ന പരമോന്നത സൈനിക ബഹുമതി രണ്ടു തവണ നേടിയിട്ടുണ്ട്. 1965-ൽ നടന്ന ഇന്ത്യ—പാകിസ്ഥാൻ യുദ്ധത്തിൽ 'ഖേംകരൺ' എന്ന പ്രദേശത്തു പാകിസ്ഥാൻ ഇറക്കിയ എൺപത്താറ് അമേരിക്കൻ 'പാററൻ' ടാങ്കുകളെ മുപ്പത്താറു മണിക്കൂറുകരംക്കകം വെടിവെച്ചു തകർത്തതു് ജനറൽ വൈദ്യ നയിച്ചിരുന്ന സേനാവിഭാഗമായിരുന്നു. രണ്ടു വർഷംമുമ്പ്, കാശ്മീരിലെ സിയാച്ചെൻ മഞ്ഞുപാറപ്രദേശം പിടിച്ചടക്കാനുള്ള പാകിസ്ഥാന്റെ പരിശ്രമത്തെ വിഫലമാക്കിയതിന്റെ പ്രശസ്തിയും അദ്ദേഹത്തിനുള്ളതത്രെ.

1984 ജൂൺ 5—ാം തീയതി അമൃത്സറിലെ സുവർണക്ഷേത്രത്തിൽ പ്രവേശിച്ച്, ഇന്ത്യാഗവണ്മെൻറിനെതിരെ സായുധസമരത്തിനുള്ള കോട്ടയായി ആ വിശുദ്ധസ്ഥലത്തെ ഉപയോഗപ്പെടുത്തിവന്ന ഭിൻഡ്രെ റാൻവാലേയേയും അനുയായികളെയും നമ്മുടെ സൈന്യം തുടച്ചുമാററിയ സമയത്തു്, ഇന്ത്യൻ കരസേനയുടെ മേധാവിയായിരുന്നു എന്നതാണ് സിഖ്ഭീകരരുടെ ദൃഷ്ടിയിൽ സമർത്ഥനായ ഈ സേനാധിപൻ ചെയ്ത പൊറുക്കാനാവാത്ത കററം. അമൃത്സർ സംഭവത്തെത്തുടർന്നു കലാപത്തിന്റെ കൊടിക്കൂറ ഉയർത്തിയ സിഖ് സൈനികരെ പട്ടാളത്തിൽനിന്നു പിരിച്ചുവിട്ടു എന്ന കററവും അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിട്ടുണ്ട്. ഉദ്യോഗത്തിൽനിന്നു വിരമിച്ച് പൂണെ നഗരത്തിലുള്ള തന്റെ സ്വസ്ഥജീവിതം നയിച്ചിരുന്ന ജനറൽ വൈദ്യയ്ക്കു പല ഭീഷണിക്കത്തുകളും അടുത്തകാലത്തു ലഭിക്കുകയുണ്ടായി. ഇന്ദിരാഗാന്ധിയെപ്പോലെതന്നെ ജനറൽ വൈദ്യയും സ്വന്തം ജീവരക്ഷയെ അത്ര കാര്യമായെടുത്തിരുന്നില്ലെന്നു തോന്നുന്നു. തന്റെ കഴിവുകളത്രയും മാതൃഭൂമിക്കു സമർപ്പിക്കുകയും ദീർഘകാലം നാട്ടാരെ സേവിക്കുകയുംചെയ്ത ഈ മഹാനായ ഭാരതീയന്റെ ദുരന്തം കാണിക്കുന്നതു് ആരുടെയും

ജീവൻ ഇന്ത്യയിൽ ഒരിടത്തും ഇന്നു സുരക്ഷിതമല്ല എന്നാണ്. സിഖ് ഭീകരവാദത്തിന്റെ തോക്കേന്തിയ, ചോര പുരണ്ട കൈകൾ, നീരാളി യുടെ കൈകൾപോലെ, ഇന്ത്യ മുഴുവൻ നീണ്ടെത്തിയിരിക്കുന്നു!

സിഖ് വിഘടനവാദത്തിന്റെ പ്രശ്നം രാഷ്ട്രീയമാണ്; അതിനു രാഷ്ട്രീയതലത്തിൽ പരിഹാരമുണ്ടാക്കുകയും വേണം. ഉത്തരഭാരതത്തിനു വേണ്ട വെള്ളത്തിൽ പകുതിയും ഊർജത്തിന്റെ ഭൂരിഭാഗവും നൽകുന്ന നദികൾ പഞ്ചാബിലാണുള്ളത്. അതിനാൽ ആ പ്രദേശം ഇന്ത്യൻ യൂണിയനിൽനിന്നു വിട്ടു മറ്റൊരു സ്വതന്ത്രരാഷ്ട്രമായിത്തീരുക എന്ന പ്രശ്നപരിഹാരം ഇന്ത്യയിലെ ഒരു പൗരനും സ്വീകാര്യമായിരിക്കുക യില്ല. 'ഖാലിസ്ഥാൻ' എന്നൊരു സ്വതന്ത്രരാഷ്ട്രം രൂപംകൊള്ളുക എന്ന തിനർത്ഥം 'ഇന്ത്യ' എന്ന സ്വതന്ത്രരാഷ്ട്രം ഇല്ലാതാവുക എന്നായിരിക്കും. എല്ലാ പാർട്ടികളിൽ പെട്ടവരും ഒരു പാർട്ടിയിലും പെടാത്തവരുമായ എല്ലാ ഇന്ത്യൻപൗരന്മാരും ഈ പരമാർത്ഥം അസന്ദിഗ്ദ്ധമായി മനസ്സി ലാക്കേണ്ടിയിരിക്കുന്നു. ഖാലിസ്ഥാൻ വിഘടനവാദികളോട് ഒരുതര ത്തിലുള്ള സന്ധിയും ഇന്ത്യൻ പൗരന്മാർക്ക് അംഗീകാരമല്ല. ദണ്ഡ നീതി മാത്രമേ ഈ വിഘടനവാദികളിൽ പ്രയോഗിക്കാവുന്നതായുള്ളു. വിഘടനവാദികളെ വിട്ടുവീഴ്ചയില്ലാതെ ഇന്ത്യാഗവണ്മെന്റ് പോലീ സ്സിനെയും പട്ടാളത്തെയും ഉപയോഗിച്ച് അടിച്ചമർത്തുകതന്നെവേണം.

വിഘടനവാദികൾക്ക് പാകിസ്ഥാൻ ആയുധസഹായവും പരിശീ ലനവും സംരക്ഷണവും നൽകിവരുന്നുണ്ടെന്ന വസ്തുത ഇന്നൊരു രഹസ്യമ ല്ല. പാകിസ്ഥാനിൽനിന്നു വിഘടനവാദികൾക്കു കിട്ടുന്ന സക്രിയ സഹായം തടസ്സപ്പെടുത്തുന്നതിനായി, പാകിസ്ഥാനുമായുള്ള നമ്മുടെ അതിർത്തിയിൽ ഉടനീളം ഒരു സുരക്ഷാമേഖല (സെക്യൂരിററി ബെൽ ററ്) സൃഷ്ടിക്കുകയെന്ന നിർദേശം ഉയർന്നുവന്നിട്ടുണ്ട്. ഇതു സാദ്ധ്യമാ ക്കുന്നതിനായി, ഇന്ത്യൻ ഭരണഘടനയിലെ 249-ാം വകുപ്പിനു വിധേ യമായി സംസ്ഥാനങ്ങളുടെ ചുമതലയിൽപ്പെട്ട ചില കാര്യങ്ങളിൽ നിയമങ്ങൾ നിർമിക്കുന്നതിന് പാർലമെൻറിന് അധികാരം നൽകുന്ന ഒരു നിയമത്തിന്റെ കരട് ഇപ്പോൾ രാജ്യസഭയിൽ അവതരിപ്പിക്കപ്പെ ട്ടിരിക്കയാണ്. കക്ഷിരാഷ്ട്രീയത്തിന്റെ കണ്ണടയിലൂടെ മാത്രം എന്തും കാണുന്ന എതിർകക്ഷികൾ ഇതിനെ എതിർത്തിട്ടുമുണ്ട്. എന്നാലും ആവ ശ്യമായ മൂന്നിൽ രണ്ടു ഭൂരിപക്ഷം ലഭിച്ച് ഈ നിയമം നടപ്പിൽ വരുമെ ന്നു വിശ്വസിക്കാം. അതോടെ, പഞ്ചാബിലെ പോലീസ് മേധാവി മി. റിബൈറോയുടെ കൈകൾ ശക്തിപ്പെടുമെന്നും, പാകിസ്ഥാനിൽ നിന്നുള്ള സഹായം വററിപ്പോകുന്ന തോതിനു പഞ്ചാബിലെ ഭീകര പ്രവർത്തനം ദുർബലമാകുമെന്നുമാണു പ്രതീക്ഷിക്കേണ്ടത്.

മുക്തസറിലെ ബസ്‌യാത്രക്കാരുടെ കൂട്ടക്കൊലയോ, പൂണെയിൽ ജനറൽ വൈദ്യയുടെ നേരെ പ്രയോഗിക്കപ്പെട്ട അക്രമമോ, ഒന്നും പഞ്ചാ ബിലെ വിഘടിത-അകാലികളുടെയും സിഖ് മതാധിപന്മാരുടെയും മനസ്സാക്ഷിയെ നടുക്കിയതായി കാണുന്നില്ല. തൊട്ടതിനും പിടിച്ചതി നും ആളുകൾക്കു മതഭ്രഷ്ടു കല്പിക്കാൻ മടിയില്ലാത്ത സിഖ് മതാധിപ ന്മാർ ഇന്നോളം ഒരു ഭീകരപ്രവർത്തകനെയും തള്ളിപ്പറഞ്ഞതായി അറി വില്ല. മതം വരുത്തിത്തീർക്കുന്ന അന്ധത അപാരംതന്നെ!

സിഖ് മതാന്ധതയ്ക്കെതിരെ ഒരു ഹിന്ദുമതാന്ധത ഉത്തരേന്ത്യയിൽ പുഷ്ടി പ്രാപിച്ചുവരുന്നതായി കാണുന്നു. ഇതെത്രയും പരിതാപകരമാ ണ്. ത്രിശൂലം മുതലായ ആയുധങ്ങൾ ഏന്തിയ പല 'സേന'കളും ഈ പ്രദേശങ്ങളിൽ രൂപംകൊണ്ടുവരുന്നു. ഭീകരതയെ ഭീകരതകൊണ്ടു നേരി ടാനാവില്ലെന്നും, ധീരവും സംഘടിതവും അക്രമരഹിതവുമായ ക്ലേശ സഹനമേ ഏതു പ്രശ്നത്തിനും ശാശ്വതപരിഹാരമാവൂ എന്നുമുള്ള പാഠമാ

ണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരം നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ആ പാഠം നാം മറക്കാതിരിക്കുക. എത്ര വലിയ പ്രകോപനമുണ്ടായാലും, സിഖ് സഹോദരർക്കെതിരായി ഹിന്ദുക്കളുടെ ആയുധമേന്തിയ കൈകൾ ഉയരാതിരിക്കട്ടെ! പഞ്ചാബിനു പുറമേ, മറ്റു പ്രദേശങ്ങളിൽ ധാരാളം സിഖുകാരുണ്ട്. ഇവർക്ക് ഒരുതരത്തിലുള്ള അരക്ഷിതത്വബോധവും ഉളവാകാതെ നോക്കേണ്ടത് ആ പ്രദേശങ്ങളിലെ ഹിന്ദുക്കളുടെ പാവനമായ കർത്തവ്യമാകുന്നു.

(13 ആഗസ്റ്റ്, 1986)

# 40. കരംജീത്തിൻെറ കുടുംബപശ്ചാത്തലം

ഇക്കഴിഞ്ഞ ഒക്ടോബർ 2–ാം തീയതി, ദില്ലിയിൽ രാജ്ഘട്ടിലുള്ള മഹാത്മാഗാന്ധിയുടെ സമാധിയിൽ അനുസ്മരണപ്രാർത്ഥനയിൽ പങ്കെടുക്കുമ്പോഴും, അതു കഴിഞ്ഞു തിരിച്ചുവരുമ്പോഴും ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ ഒരാൾ വെടിവയ്ക്കുകയുണ്ടായി. ഉന്നത്തിൽ ഉണ്ട എത്തിക്കാൻ കഴിവില്ലാത്ത ഒരു നാടൻ തോക്കായിരുന്നു കൊലയാളിയുടെ കൈയിലുണ്ടായിരുന്നത്. അതുകൊണ്ടുമാത്രമാണു പ്രധാനമന്ത്രി ജീവാപായം കൂടാതെ രക്ഷപ്പെട്ടത്. സമാധിയിലേക്കു വിശിഷ്ട വ്യക്തികൾ കടന്നുവരുന്ന പ്രവേശനദ്വാരത്തിൽനിന്നു കഷ്ടിച്ച് അമ്പത് അടി അകലെ, സിമൻറുകൊണ്ടു തീർത്ത ഒരു ചെറുപന്തലിൻെറ മുകളിൽ പടന്ന ചെടികൾക്കിടയിൽ ഒളിച്ചിരുന്നാണ് അയാൾ പ്രധാനമന്ത്രിക്കു നേരെ നിറയൊഴിച്ചത്. തിന്നാൻ കടലയും കുടിക്കാൻ വെള്ളവും ഒക്കെ കരുതി തലേന്നു രാത്രിമുതൽ അയാൾ അവിടെ ഇരിക്കുകയായിരുന്നു. കാവൽക്കാരുടെ അശ്രദ്ധയ്ക്ക് ഇതിൽപരം തെളിവ് വേറെ വേണ്ടതില്ല. രാജീവ് ഗാന്ധിക്കു വെടികൊണ്ടില്ലെങ്കിലും, ചുറ്റുമുള്ള ആറ് ആളുകൾക്കു വെടികൊണ്ടു ചെറിയ പരുക്കുകൾ പറ്റി. പോലീസുകാർ വളഞ്ഞപ്പോൾ കൊലയാളി ചെടിപ്പടപ്പിൽനിന്നു പുറത്തുവന്നു കീഴടങ്ങി. പോലീസിനോട് അയാൾ പറഞ്ഞത് ഒരു കള്ളപ്പേരും കള്ളമേൽവിലാസവുമായിരുന്നു. എങ്കിലും, പഞ്ചാബിൽ സാംഗ്രൂർ ജില്ലയിൽ 'സുനാം' എന്ന നഗരത്തിൽ 'ശഹീദ് ഉദ്ദാം നഗർ' എന്ന കോളനിയിൽ പാർത്തിരുന്ന കരംജീത് സിംഹ് ആണ് അയാൾ എന്നു പോലീസുകാർ വളരെ വേഗം കണ്ടെത്തി.

കരംജീത് സിംഹ് എന്തിന് ഈ നികൃഷ്ടകൃത്യം ചെയ്തു? ഒരു ഗൂഢാലോചനയുടെ നിർവഹണത്തിനാണോ അയാൾ ശ്രമിച്ചത്? ഖാലിസ്ഥാൻ വാദികളായ സിഖ് ഭീകരന്മാരുമായി അയാൾക്കു ബന്ധമുണ്ടോ? ഈ കാര്യങ്ങളൊന്നും ഇനിയും വെളിയിൽ വന്നിട്ടില്ല. പക്ഷേ, അയാളുടെ കുടുംബപശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

തകർന്ന ഒരു കുടുംബത്തിലെ മൂത്ത പുത്രനാണ് കരംജീത്. അയാളുടെ അച്ഛൻ അമർസിംഹ് സുനാം നഗരത്തിൽ നയാബസാർ എന്ന തെരുവിൽ ഒരു വാച്ച് റിപ്പയർകട നടത്തിവരുന്നു. കരംജീത്തിൻെറ അമ്മയുടെ പേര് ദയാൽകൗർ എന്നാണ്. പരംജീത് സിംഹ് എന്ന മന്ദബുദ്ധിയായ ഒരു സഹോദരനും, ജസ്‌വീന്ദർസിംഹ് എന്ന പതിനഞ്ചു വയസ്സായ മറ്റൊരു സഹോദരനും ഹർപ്രീത് എന്ന ഒരു സഹോദരിയും കരംജീത്തിനുണ്ട്.